## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2884 — 20.12.2012-ൽ മറുപടിയ്ക്ക്

### സംസ്ഥാന സ്ക്കൂൾ നീന്തൽ മൽസരത്തിൽ ഒന്നാം സ്ഥാനക്കാരനായ കുട്ടി ദേശീയ മൽസരത്തിൽ നിന്നും ഒഴിവാക്കപ്പെട്ട സംഭവം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോലിയക്കോട് .എൻ. കൃഷ്ണൻ നായർ | ശ്രീ. പി.കെ. അബ്ദുറബ്ബ് (ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി ) |
| (എ) 2012 വർഷത്തെ സംസ്ഥാന സ്ക്കൂൾ നീന്തൽ മൽസരത്തിൽ ബ്രസ്റ്റ് സ്ട്രോക്ക് ഇനത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ തൃശൂർ വി.ബി.എച്ച്.എസ് -ലെ മിഥുൻ എ.ജെ (S/o.അനിൽ കുമാർ , ശ്രീ ശൈലം, വേങ്കവിള, പഴകുറ്റി.പി.ഒ) എന്ന വിദ്യാർത്ഥിയെ പൂനയിൽ വച്ചു നടന്ന ദേശീയ മൽസരത്തിൽ പങ്കെടുപ്പിക്കാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ വിദ്യാർത്ഥിക്ക് ദേശീയ മൽസരത്തിൽ പങ്കെടുക്കുന്നതിനുള്ള സെലക്ഷൻ മെമ്മോ നൽകിയിട്ടുണ്ടോ ; | (ബി) നൽകിയിട്ടില്ല. |
| (സി) ദേശീയ മൽസരത്തിൽ പങ്കെടുക്കുന്നതിനായി പൂനയിലേയ്ക്കുള്ള ട്രെയിൻ യാത്രാമധ്യേ കോയമ്പത്തൂരിൽ വച്ച് പ്രസ്തുത വിദ്യാർത്ഥിയെ ദേശീയ മൽസരത്തിൽ പങ്കെടുപ്പിക്കാൻ കഴിയില്ലെന്നറിയിക്കുകയും തുടർന്നുള്ള ഭക്ഷണത്തിന്റെയും മടക്കയാത്രയുടേയും ചെലവുകൾ കുട്ടി തന്നെ വഹിക്കുകയും ചെയ്യുതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) പൂനയിൽ വച്ച് നടന്ന ദേശീയ സ്ക്കൂൾ നീന്തൽ മൽസരത്തിൽ പങ്കെടുക്കുവാൻ അർഹത നേടിയ കേരള സ്ക്കൂൾ ടീമിലെ മുഴുവൻ വിദ്യാർത്ഥികളെയും നേരിട്ടും ഫോൺ വഴിയും ബന്ധപ്പെട്ട് ദേശീയ മൽസരത്തിന്റെ വിശദാംശങ്ങളും യാത്രാസംബന്ധമായ വിശദാംശങ്ങളും |

(.............2)

നൽകിയിട്ടുണ്ട്. എന്നാൽ മിഥുൻ.എ.ജെ എന്ന വിദ്യാർത്ഥി, ദേശീയ മൽസരത്തിനുള്ള കേരള ടീമിൽ ഉൾപ്പെടാത്തതിനാൽ , ടി വിദ്യാർത്ഥിക്ക് യാത്രാ സംബന്ധമായ വിശദാംശങ്ങൾ നൽകിയിരുന്നില്ല. വിദ്യാഭ്യാസ വകുപ്പിൽ നിന്നും യാത്രാ സംബന്ധമായ ഒരു നിർദ്ദേശവും ലഭിക്കാതെ, ദേശീയ മൽസരത്തിനുള്ള ടീമിനോടൊപ്പം യാത്ര ചെയ്തത് ടി വിദ്യാർത്ഥിയുടെ കോച്ചിന്റെ നിർദ്ദേശപ്രകാരമായിരുന്നു എന്നും അതുകൊണ്ട് തന്നെ അനർഹമായി കേരളാ ടീമിനോടൊപ്പം യാത്ര ചെയ്ത വിദ്യാർത്ഥിക്ക് തുടർന്നുള്ള ചെലവുകൾക്കുള്ള തുക അനുവദിച്ചിരുന്നില്ല എന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| | |
|---|---|
| (ഡി) സംസ്ഥാന മൽസരത്തിൽ ഒന്നാം സ്ഥാനക്കാരനായിരുന്ന മിഥുനെ ഒഴിവാക്കി മൂന്നാം സ്ഥാനക്കാരനെയാണ് ദേശീയ മീറ്റിൽ മൽസരിപ്പിച്ചതെന്ന യാഥാർത്ഥ്യം ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ; | (ഡി) മിഥുൻ എ.ജെ 1-ാം സ്ഥാനം നേടിയ 100 മീറ്റർ ബ്രസ്റ്റ് സ്ട്രോക്ക് ഇനത്തിൽ കേരളത്തിൽ നിന്നും ഒരു വിദ്യാർത്ഥിയും ദേശീയ മൽസരത്തിൽ പങ്കെടുത്തിട്ടില്ല. |
| (ഇ) പ്രസ്തുത നീതി നിഷേധത്തിനുത്തര - വാദിയായ ഉദ്യോഗസ്ഥർ ആരൊക്കെയാണ് ; (എഫ്) ഇവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ ; | (ഇ) &( എഫ്) സംസ്ഥാന സ്കൂൾ നീന്തൽ മൽസരത്തിൽ സബ് ജൂനിയർ വിഭാഗം 100 മീറ്റർ ബ്രസ്റ്റ് സ്ട്രോക്കിൽ 1-ാം സ്ഥാനം നേടിയത് മിഥുൻ എ.ജെ എന്ന വിദ്യാർത്ഥിയും 3-ാം സ്ഥാനം നേടിയത് സന്ദീപ്.ഡി.എസ് എന്ന വിദ്യാർത്ഥിയുമാണ് . ഈ ഇനത്തിൽ മൽസരിച്ച ആർക്കും തന്നെ ദേശീയ |

(..........3)

യോഗ്യത നേടാൻ കഴിയാത്തതിനാൽ, ഈ ഇനത്തിൽ ആരും തന്നെ ദേശീയ മൽസരത്തിൽ പങ്കെടുത്തിട്ടില്ല. എന്നാൽ 200 മീറ്റർ ബട്ടർഫ്ളൈ ഇനത്തിൽ ഒന്നാം സ്ഥാനം നേടിയ സന്ദീപ്.ഡി.എസ് എന്ന വിദ്യാർത്ഥി, ദേശീയ മൽസരത്തിൽ പങ്കെടുക്കുന്ന-തിനുള്ള യോഗ്യത നേടുകയും അതിനാൽ ടി വിദ്യാർത്ഥിയെ ദേശീയ മൽസരത്തിൽ പങ്കെടുപ്പിക്കുകയും ചെയ്തിട്ടുണ്ട്. മിഥുൻ.എ.ജെ എന്ന വിദ്യാർത്ഥി ദേശീയ മൽസരത്തിൽ പങ്കെടുക്കാൻ ഉള്ള യോഗ്യത നേടാത്തതിനാൽ ടിയാനെ കേരളാ ടീമിൽ ഉൾപ്പെടുത്തിയില്ല എന്നും ടി വിദ്യാർത്ഥിക്ക് ഒരു തരത്തിലും നീതി നിഷേധിക്കപ്പെട്ടിട്ടില്ല എന്നുമാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർ വ്യക്തമാക്കിയിട്ടുള്ളത്.

(ജി) ഒന്നാം സ്ഥാനക്കാരനായ മിഥുൻ എന്ന കുട്ടിക്ക് ഉണ്ടായ കഷ്ട നഷ്ടങ്ങൾക്കും മാനസിക വ്യഥയ്ക്കും അവസരനഷ്ടത്തിനും എന്ത് പരിഹാരമാണ് സ്വീകരിക്കാനുദ്ദേശി ക്കുന്നതെന്ന് വിശദമാക്കുമോ ?

(ജി) ദേശീയ മൽസരത്തിൽ പങ്കെടുക്കുന്നതിനുള്ള യോഗ്യത സമയം ക്വാളിഫൈ ചെയ്ത കുട്ടികൾക്ക് പുറമെ റിലെ ഇനങ്ങളിലും വാട്ടർ പോളോ ഇനത്തിലും കേരള ടീം പങ്കെടുത്തിട്ടുണ്ട്. 100 മീറ്റർ വ്യക്തിഗത ഇനങ്ങളിൽ 1-ാം സ്ഥാനം നേടുന്ന 4 വിദ്യാർത്ഥികളെ ഉൾപ്പെടുത്തിയാണ് മെഡ്ലെ റിലേ ടീം സെലക്ട് ചെയ്യുന്നത്. 100 മീറ്റർ ബ്രസ്റ്റ് സ്ട്രോക്കിൽ ഒന്നാം സ്ഥാനം നേടിയ സാഹചര്യത്തിൽ ടി വിദ്യാർത്ഥിയ്ക്ക് മെഡ്ലേ റിലേ ടീമിൽ ഉൾപ്പെടാനുള്ള അവസരം ഉണ്ടായിരുന്നു. എന്നാൽ കേരള ടീം അനൗൺസ് ചെയ്ത

(..............4)

സമയത്തോ ദേശീയ ടീമിലെ
വിദ്യാർത്ഥികളുടെ ഫോട്ടോ എടുത്ത്
ഓൺലൈൻ എൻട്രി നടത്തുന്ന
സമയത്തോ വരെ ഈ വിദ്യാർത്ഥി
ദേശീയ മൽസരത്തിൽ പങ്കെടുക്കുന്ന -
തിനുള്ള സമ്മതം അറിയിക്കുകയോ
എലിജിബിലിറ്റി സർട്ടിഫിക്കറ്റ്
അടക്കമുള്ള രേഖകൾ
ഹാജരാക്കുകയോ ചെയ്തിട്ടില്ല.
അതിനാൽ മെഡ്‌ലേ റിലേയിൽ
മിഥുൻ എ.ജെ എന്ന വിദ്യാർത്ഥിയ്ക്ക്
പകരം ടീമിലുള്ള മറ്റൊരു
വിദ്യാർത്ഥിയെ ഉൾപ്പെടുത്തി
ദേശീയ മൽസരത്തിൽ
പങ്കെടുത്തിരുന്നു. മിഥുൻ എ.ജെ
എന്ന വിദ്യാർത്ഥിക്ക് ഉണ്ടായ കഷ്ട
നഷ്ടങ്ങൾക്കും മാനസിക വ്യഥയ്ക്കും
ഒരു തരത്തിലും വിദ്യാഭ്യാസ വകുപ്പ്
കാരണമായിട്ടില്ല എന്നും ടി
വിദ്യാർത്ഥിയുടെ അവസരം
നഷ്ടപ്പെടുത്തിയിട്ടില്ല എന്നുമാണ്
പൊതു വിദ്യാഭ്യാസ ഡയറക്ടർ
റിപ്പോർട്ട് ചെയ്തിട്ടുള്ളത് .

സെക്ഷൻ ഓഫീസർ